# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 5 - 994/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 5 - 994/2024 തീയ്യതി: 19/12/2024

## ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2024 | 28-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2024 | 28-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മായാദേവി സി.എസ് - ഓഡിറ്റ് ഓഫീസർ
ഫമിൻ എസ്.എം. - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ സി. - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ ജി. - സീനിർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. ആർ. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| മുരളീധരൻ പിള്ള | | | |
| ജയൻ ഡി. നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2023 | 05-12-2023 |
| ഉണ്ണികൃഷ്ണൻ പിള്ള പി. ജി. | സെക്രട്ടറി | 06-12-2023 | 31-03-2024 |
| ശ്രീല ആർ. | സെക്രട്ടറി | 01-04-2023 | 03-07-2023 |
| കവിത ജോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 07-07-2023 |
| ഒഴിഞ്ഞ് കിടന്ന സമയം | സെക്രട്ടറി | 08-07-2023 | 11-07-2023 |
| അനിൽ കുമാർ എ.പി. | സെക്രട്ടറി | 12-07-2023 | 25-11-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കവിത ജോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 07-07-2023 |
| ഷീജ എ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| അജിത്ത് പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2023 | 13-02-2024 |
| അഖിൽ വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 14-02-2024 | 31-03-2024 |
| മിനിമോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-07-2023 |
| സൂസൻ | ഹെഡ്മിസ്ട്രസ്സ് | 01-08-2023 | 31-03-2024 |
| ശ്രീലക്ഷ്മി വി. | കൃഷി ഓഫിസർ | 01-04-2023 | 31-03-2024 |
| ഡോ. സജിൻ മാത്യു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| അഭിലാഷ് എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ. അനിൽ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ശ്രീകാന്ത് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ജയൻ ഡി. നായർ | അസിസ്റ്റന്റ് സെക്രട്ടറി | 11-07-2023 | 31-03-2024 |

അസിസ്റ്റന്റ് സെക്രട്ടറി തസ്തിക 8.7.23 മുതൽ 11.7.23 വരെ ഒഴിഞ്ഞുകിടന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഗ്രാന്റുകളുടെ ബാധ്യത(ബി -4 പട്ടിക)തുകയും അവ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളുമായി(ബി -17 പട്ടിക) പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | എക്സ്ക്ലൂസീവ് ബാങ്ക് അക്കൗണ്ടുകളിൽ നിലവിലെ ഗ്രാന്റുകളുടെ ബാധ്യതയും അവയുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തിൽ വാഹനത്തിന്റെ പേരിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി | 1-1-3 |
| 5 | ലൈസൻസ് ഫീസ് - വാർഷിക ഡിമാൻഡ് അക്രൂവൽ എൻട്രി വർഷാരംഭത്തിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്ര ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിലെ ചെലവ് ഇ- ഗ്രാം പോർട്ടലിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | മറ്റ് ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | വസ്തുനികുതി- തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതുമൂലം 3130 രൂപ നഷ്ടം | 1-10 |
| 16 | വസ്തുനികുതി ചോർച്ച-ഫീൽഡ് തല സർവ്വെ വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തുന്നതിൽ കാലതാമസം | 1- 11 |
| 17 | റോഡ് വിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതി വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1-12 |
| 18 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതി ചുമത്തുന്നില്ല | 1-13 |
| 19 | പ്രോവിഡൻസ് കോളേജ്- അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നിലവിലെ കെട്ടിടങ്ങളിലെ വസ്തുനികുതി അപാകം പരിഹരിക്കുന്നതിനും കാലതാമസം | 1-14 |
| 20 | പുതിയതായി നിർമ്മാണം പൂർത്തീകരിച്ച വില്ലേജ് ഓഫീസ് കെട്ടിടത്തെ വസ്തുനികുതി ചുമത്തിയില്ല | 1-15 |
| 21 | സ്പോർട്ട്സ് ടർഫിനെ വസ്തുനികുതി ചുമത്തിയില്ല | 1-16 |
| 22 | വസ്തുനികുതി- സഞ്ചയ ഡേറ്റാ ബേസിലെ നികുതി നിർണ്ണയ വിവരങ്ങളിൽ അപാകം | 1-17 |
| 23 | പുതുക്കിയ നിരക്ക് ഉൾപ്പെടുത്തി വസ്തുനികുതി പുനനിർണ്ണയിച്ചില്ല. | 1-18 |
| 24 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-19 |
| 25 | ലൈസൻസ് ഫീസ് ഡിമാൻഡ് എൻട്രി വർഷാവസാനം മാത്രം നടത്തുന്നത് | 1-20 |

| | | |
|---|---|---|
| | വരുമാനചോർച്ചക്കിടയാക്കുന്നു | |
| 26 | ഏറ്റെടുത്ത പ്രോജക്ടുകൾ  നടപ്പാക്കുന്നില്ല - ഫണ്ട് ലാപ്സാകുന്നു | 1-21 |
| 27 | പ്രിന്റിംഗ് ചാർജ്ജ്- ആദായനികുതി കുറവ് ചെയ്തില്ല | 1-22 |
| 28 | മുൻകൂർ  പണമൊടുക്കിയിട്ടും ഹോമിയോ മരുന്നുകൾ  പൂർണ്ണമായി ലഭിച്ചിട്ടില്ല | 1- 23 |
| 29 | വികസന ഫണ്ട് വൈദ്യുതി ചാർജ്ജ് അടക്കാനായി വിനിയോഗിച്ചു | 1- 24 |
| 30 | നിക്ഷേപ പ്രവൃത്തികൾ  പൂർത്തിയായില്ല – ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-25 |
| 31 | വീട് പുനരുദ്ധാരണം - മുൻകൂർ  വാങ്ങിയ മൂന്ന് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല | 1- 26 |
| 32 | ഫെസ്റ്റിവൽ  അഡ്വാൻസായി നൽകിയ 12000/-രൂപ തിരികെ ലഭിച്ചിട്ടില്ല | 1-27 |
| 33 | സ്കോളർഷിപ്പ് വിതരണം – ഒരു വിദ്യാർത്ഥിക്ക് അർഹമായ പരമാവധി സഹായം നൽകിയില്ല | 1- 28 |
| 34 | വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം - സബ്സിഡി മാനദണ്ഡങ്ങൾ  പാലിച്ചില്ല | 1-29 |
| 35 | സാമൂഹ്യ സുരക്ഷ പെൻഷൻ  - മരണ ശേഷവും പെൻഷൻ  സസ്പെന്റ് ചെയ്തില്ല - അനർഹമായി തുക വിതരണം  ചെയ്തു | 1-30 |
| 36 | പശ്ചാത്തലമേഖലയിൽ  ഏറ്റെടുക്കുന്ന പ്രവൃത്തികൾ  നടപ്പാകുന്നില്ല | 1-31 |
| 37 | സർക്കാരിലേക്ക് ഒടുക്കേണ്ട തുക തനത് ഫണ്ടിൽ  തുടരുന്നു | 1-32 |
| 38 | ഹരിത കർമ്മസേനയുടെ പ്രവർത്തനം- അവലോകനം | 1-33 |
| **ഭാഗം 2** | | |
| 1 | വസ്തുനികുതി- തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതുമൂലം 3130 രൂപ നഷ്ടം | 2-1 |
| **ഭാഗം 3** | | |
| 1 | വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം - സബ്സിഡി മാനദണ്ഡങ്ങൾ  പാലിച്ചില്ല | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-05-2024 ലെ 1ാം കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 18-07-2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആല ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 ഗ്രാന്റുകളുടെ ബാധ്യത(ബി -4 പട്ടിക)തുകയും അവ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളുമായി(ബി -17 പട്ടിക) പൊരുത്തപ്പെടുന്നില്ല**

പഞ്ചായത്തിന് ഗ്രാന്റിനങ്ങളിലുള്ള ബാധ്യത ഉൾപ്പെടുത്തിയിരിക്കുന്ന ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തനത് ഫണ്ട് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിലുള്ള നീക്കിയിരിപ്പും തമ്മിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം കാണുന്നു.

| ബി-4 പട്ടിക പ്രകാരം ഗ്രാന്റിനങ്ങളിലുള്ള ബാധ്യത | B-17 പട്ടിക പ്രകാരം ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് (തനത് ഫണ്ട് ഉൾപ്പെടെ) |
|---|---|
| 76,49,164/-രൂപ | 65,09,640/-രൂപ |

വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.21 തീയതി 25-10-2024), ബാധ്യതകളിലെ ചെലവ് യഥാസമയം ജേണൽ ചെയ്യാത്തതാണ് വ്യത്യാസത്തിന്റെ കാരണം എന്ന് വിശദീകരിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**1-1-2 എക്സ്ക്ലൂസീവ് ബാങ്ക് അക്കൗണ്ടുകളിൽ നിലവിലെ ഗ്രാന്റുകളുടെ ബാധ്യതയും അവയുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

എക്സ്ക്ലൂസീവ് ബാങ്ക് അക്കൗണ്ടുകളിൽ നിലവിലെ ഗ്രാന്റുകളുടെ ബാധ്യതയും അവയുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് ഐ.സി.ഡി.എസ്സ് എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടിലെ ബാധ്യത 16,40,342/- രൂപയാണ് എന്നാൽ ഐ.സി.ഡി.എസ്സ് - ബാങ്ക് അക്കൗണ്ടിൽ (ഫെഡറൽ ബാങ്ക് അക്കൗണ്ട് നം.11590100076550-ൽ) 12,56,197 രൂപ മാത്രമാണുള്ളത്. ഇപ്രകാരം ഗ്രാന്റുകളിലും അവയുടെ ബാങ്ക് അക്കൗണ്ടുകളിലും വ്യത്യാസം നിലനിൽക്കുന്നത് പദ്ധതി ചെലവ് തുകകൾ യഥാസമയം ജേണൽ എൻട്രി നടത്താത്തത് കാരണമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 21/23-24 നുള്ള മറുപടി ) അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-1-3 വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തിൽ വാഹനത്തിന്റെ പേരിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി**

നിലവിൽ വാഹനം ഇല്ലാത്ത പഞ്ചായത്തിൽ, 416100107 എന്ന അസറ്റ് ഹെഡ്ഡിൽ വാഹനത്തിന്റെ ഡിപ്രീസിയേഷനായി 4725/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിപ്രീസിയേഷൻ

ടൂൾ മുഖാന്തിരം ചെയ്തപ്പോൾ ഉണ്ടായ അപാകമാണെന്നും അപാകം പരിഹരിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് രേഖാമൂലം മേൽ വിഷയം സംബന്ധിച്ച് മറുപടി നൽകിയിട്ടുണ്ട്.

### 1-1-4 ലൈസൻസ് ഫീസ് - വാർഷിക ഡിമാൻഡ് അക്രൂവൽ എൻട്രി വർഷാരംഭത്തിൽ ഉൾപ്പെടുത്തിയില്ല

GO(Ms) No.152/2011/LSGD Dtd 27-07-2021 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അക്കൗണ്ടിംഗ് നയങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം FAEOTS ലൈസൻസ് ഫീസ് അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വരവിനവും ഡിമാൻഡ് സംബന്ധിച്ച വിവരം വർഷാരംഭത്തിൽ അക്രൂവൽ അടിസ്ഥാനത്തിൽ കണക്കുകളിൽ ഉൾപ്പെടുത്തേണ്ട ഇനവുമാണ്. എന്നാൽ വാർഷിക ഡിമാൻഡ് 31-03-24 ൽ മാത്രമാണ് ഉൾപ്പെടുത്തിയത്.

### 1-1-5 വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്ര ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിലെ ചെലവ് ഇ- ഗ്രാം പോർട്ടലിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്ര ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിലെ ചെലവ് ഇ- ഗ്രാം പോർട്ടലിലെ ചെലവുമായി 425604 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക കണക്കുകളിലെ ചെലവ് 1159313 രൂപയും ഇ-ഗ്രാം പോർട്ടലിലെ ചെലവ് 15,84,917 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

### 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 25-03-2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 31.1.2024 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് (രൂപ) | ചെലവ്(രൂപ) |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 14990013 | 148439878 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 7,94,60,830 | 8,47,59,628 |

### 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (രൂപ) | 84,48,737 |
| വരവ് (രൂപ) | 2,48,42,928 |
| ആകെ (രൂപ) | 3,32,91,665 |
| ചെലവ് (രൂപ) | 2,67,82,025 |
| നീക്കിയിരിപ്പ്(രൂപ) | 65,09,640 |

### 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (₹) | ആകെ (₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) B-4 പ്രകാരം | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 90,11,000 | 90,11,000 | 61,64,077 | 0 | 28,46,923 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 75,05,000 | 75,05,000 | 50,10,452 | 0 | 24,94,548 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | 0 | 68,24,650 | 68,24,650 | 1462739 | 0 | 53,61,911 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | 0 | 25,34,000 | 25,34,000 | 25,34,000 | 0 | 0 |
| സി.എഫ്.സി –ബേസിക്ക് ഗ്രാന്റ് | 592307 | 14,92,000+ 57,063 പലിശ | 2141370 | 18,57,658 | 283712 | 0 |
| സി.എഫ്.സി –ടൈഡ് ഗ്രാന്റ് | 21,91,909 | 11,19,000 | 33,10,009 | 15,84,917 | 1725992 | 0 |

വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്ര ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിലെ ചെലവ് ഇ- ഗ്രാം പോർട്ടലിലെ ചെലവുമായി 425604 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക കണക്കുകളിലെ ചെലവ് 1159313 രൂപയും ഇ-ഗ്രാം പോർട്ടലിലെ ചെലവ് 15,84,917 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു. ആകെ പ്രോജക്ടുകളിൽ 37.58 ശതമാനം മാത്രമാണ് പൂർത്തിയായത്. ചെലവിന്റെ ശതമാനം 35.33 മാത്രവുമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 8,00,85,746 | 59 | 2,82,89,982 | 30 | 68 | 37.58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 96170 | 1022365 (പലിശ 416 രൂപ ഉൾപ്പടെ) | 1118535 | 1117452 | 1,083 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 16951610 | 16951610 | 16951610 | |
| ആകെ | 96170 | 17,973975 | 18070145 | 18069062 | 1,083 |

## 1-7 മറ്റ് ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,480 | 9 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 21,20,000 | 179 |
| വിധവാ പെൻഷൻ | 61,10,300 | 583 |
| വാർദ്ധക്യകാല പെൻഷൻ | 160,92,800 | 1551 |
| വികലാംഗ പെൻഷൻ | 19,56,300 | 177 |
| അവിവാഹിത പെൻഷൻ | 1,16,800 | 11 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2024 തീയ്യതിയിൽ 3.30p.m ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 200/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

തനത് വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്ത് എന്ന നിലയ്ക്ക് വരവ് നഷ്ടം സംഭവിക്കാതെയിരിക്കുന്നതിനുള്ള നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. കൂടാതെ, സർക്കാരിലേക്ക് അടക്കേണ്ട ലൈബ്രറി സെസ്സ് പോലെയുള്ള കുടിശ്ശിക തുകകൾ യഥാസമയം അടക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ വിവരങ്ങൾ, നിലവിലുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം കൂടതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

**1-10 വസ്തുനികുതി- തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതുമൂലം 3130 രൂപ നഷ്ടം**

വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തുനികുതി നിരക്ക് നിർണ്ണയിച്ചതിൽ ഉണ്ടായ പിശക് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതി, സേവന ഉപനികുതി എന്നീ നികുതിയിനങ്ങളിൽ 3130 രൂപ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (അ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, ആല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08-08-2023 ലെ 1 (1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 300 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും ഉടമസ്ഥൻ സ്വന്തം താമസ ആവശ്യത്തിനൊപ്പം വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകാവുന്ന ഹോം സ്റ്റെ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 12 രൂപയാണ് എന്നാൽ 5/32 A എന്ന നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതും ശ്രീ. അജി ജോൺ തോമസ് കല്ലുമാടിയിൽ പെണ്ണുക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിന് ആകെ വിസ്തൃതി 392.41 ച. മീറ്റർ ഉണ്ടെങ്കിലും 300

ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയുള്ള ഹോംസ്റ്റെ കൂടി ഉൾപ്പെടുന്ന പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 7 രൂപ മാത്രമാണ് ചുമത്തിയത്. വസ്തു നികുതി ചുമത്തലിലുണ്ടായ നഷ്ടം ചുവടെ ചേർക്കും പ്രകാരമാണ്.

| | | | |
|---|---|---|---|
| കെട്ടിടത്തിന്റ വിസ്തൃതി | ചുമത്തിയ വസ്തുനികുതി (@7/ച.മീ),<br>സേവന ഉപനികുതി-(@ വസ്തുനികുതിയുടെ 10%),<br>(ലൈബ്രറി സെസ് -@ വസ്തുനികുതിയുടെ 5%) | ചുമത്തേണ്ട വസ്തുനികുതി@12/ച.മീ)<br>സേവന ഉപനികുതി-@വസ്തുനികുതിയുടെ 10%,<br>ലൈബ്രറി സെസ് -@ വസ്തുനികുതിയുടെ 5% | കുറവ് |
| താഴത്തെ നില-80.75<br>ഒന്നാം നില-311.66 | അടിസ്ഥാനവസ്തുനികുതി-2746.87<br>റോഡ് വിസ്തൃതി-549.374<br>മേൽത്തരം തറനിർമ്മിതി-412.030<br>കേന്ദ്രീകൃത ശീതീകരണസംവിധാനം -274.687<br>ആകെ -3982.961<br>വസ്തുനികുതി-3983<br>സേവന ഉപനികുതി -399<br>ലൈബ്രറി സെസ്-200 | അടിസ്ഥാനവസ്തുനികുതി-4708.92<br>റോഡ് വിസ്തൃതി-941.784<br>മേൽത്തരം തറനിർമ്മിതി-706.338<br>കേന്ദ്രീകൃത ശീതീകരണസംവിധാനം -470.892<br>ആകെ -6827.934<br>വസ്തുനികുതി-6828<br>സേവന ഉപനികുതി -683<br>ലൈബ്രറി സെസ്-342 | വസ്തുനികുതി-2845<br>സേവന ഉപനികുതി-285<br>ലൈബ്രറി സെസ്-142 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 6/23.10.24) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി, സേവന ഉപനികുതി, ലൈബ്രറി സെസ് എന്നിവ പുനനിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1- 11 വസ്തുനികുതി ചോർച്ച-ഫീൽഡ് തല സർവ്വെ വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ.ഉ (കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22-03-23 പ്രകാരം) 2023 മെയ് 15 നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു.

ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക).
ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. നിയോഗിക്കപ്പെട്ട 7 താൽകാലിക ജീവനക്കാർ ഫീൽഡ് തല പരിശോധന നടത്തി പതിമൂന്ന് വാർഡുകളുടെയും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 5062 കെട്ടിടങ്ങളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. 413 വീടുകളുടെ വിവരശേഖരണം ഇനിയും പൂർത്തീകരിക്കുവാനുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ പരിശോധനക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ല.

നാലാം വാർഡിലെ വസ്തുനികുതി ഫീൽഡ് തല റിപ്പോർട്ട് പ്രകാരം ലഭ്യമായ വിവരങ്ങളിലെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(I) ഫീൽഡ് തല സർവ്വെയിൽ കണ്ടെത്തിയ തറവിസ്തൃതിയിലെ മാറ്റം

| കെട്ടിട നം. | സഞ്ചയയിലെ തറവിസ്തൃതി (ച.മീ) | ഫീൽഡ് തല റിപ്പോർട്ടിലെ തറവിസ്തൃതി (ച.മീ) |
|---|---|---|
| 11/336 ടി എം ജോൺ താനംഞ്ചേരിൽ | 35 കുറഞ്ഞ മേൽക്കൂര | 166.32 കോൺക്രീറ്റ് |
| 11/332 ഏലിയാമ്മ ജോർജ്, ഷെറിൻ കോട്ടേജ് | 76 | 139.375 |
| 11/328 ജോൺ കോശി കൊല്ലന്റെ വടക്കേതിൽ | 132 | 283.72 |
| 11/290 ജോൺ വർഗ്ഗീസ് കടവിലെ വീട്ടിൽ | 73 | 184.47 |
| 11/279 ഗോപാലകൃഷ്ണപിള്ള ലേഖാസദനം | 96 | 221.2 |

(Ii) ഫീൽഡ് തല സർവ്വെയിൽ പുതിയതായി ഒന്നാം നില നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ

| കെട്ടിട നം. | (സഞ്ചയ) | (ഫീൽഡ് തല സർവ്വെ) |
|---|---|---|
| 11/298 | താഴത്തെ | താഴത്തെ |

| | | |
|---|---|---|
| ഇന്ദിര നായർ ഇന്ദു | നില- 156 | നില- 149.76 ഒന്നാം നില- 86.94 |
| 11/242 രാജീവ് കുമാർ എൻ മലയിൽ പുത്തൻവീട് | താഴത്തെ നില- 198 | താഴത്തെ നില- 192 ഒന്നാം നില- 192 |

തറവിസ്തൃതിയിലെയും ഉപയോഗക്രമത്തിലെയും അടിസ്ഥാനവസ്തുനികുതിയിലെ വർദ്ധനവിനും ഇളവിനും ബാധകമാക്കുന്ന ഘടകങ്ങൾ എന്നിവയിലെ മാറ്റം വസ്തുനികുതി ഡിമാൻഡിൽ ഉണ്ടാക്കാവുന്ന വർദ്ധനവ് പരിഗണിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചില്ല. വസ്തുനികുതി വാർഷിക ഡിമാൻഡിൽ വളരെ പിന്നിലുള്ള ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഡിമാൻഡ് ചുവടെ ചേർക്കുന്നു.

| 2022-23 | 2023-24 |
|---|---|
| 23,76,009 | 26,43,325 |

സാമ്പത്തിക വർഷം 26.4 ലക്ഷം രൂപ മാത്രം വസ്തുനികുതി ഡിമാൻഡുള്ള ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്താതിരുന്നത് പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ഫീൽഡ് തല സർവ്വെ സർക്കാർ നിർദ്ദേശാനുസരണം നടത്താതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/23-24; 24.10.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം നടപ്പാക്കി വസ്തുനികുതി സംബന്ധിക്കുന്ന സർവ്വെ നടത്തി നികുതി പരിഷ്കരിച്ച് 2023-24 വർഷത്തെ അടിസ്ഥാനമാക്കി ഉണ്ടായ വർദ്ധനവിന്റെ വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>1-12 റോഡ് വിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതി വർദ്ധനവ് ഉൾപ്പെടുത്തിയില്ല</u>**

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക – 2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളുടെ ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതി യിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. കെട്ടിട നമ്പരും കെട്ടിട ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട | ഉടമയുടെ പേര് | റോഡ് |
|---|---|---|---|

| നം. | നം. | | വിസ്തൃതി (മീറ്റർ) |
|---|---|---|---|
| 1 | 8/815 | എം. പി മാത്യു മണലേൽ | 8 |
| 2 | 13/430 A | ജ്യോതി വി വിജയകുമാർ ആറ്റുകണ്ടത്തിൽ | 5 |
| 3 | 11/373B | ബാബു കെ. കെ. കാങ്കുളത്ത് കിഴക്കേതിൽ | 6 |
| 4 | 7/153 A | അനിൽ കുമാർ പട്ടത്തിൽ മലയിൽ അനിൽ ഭവനം | 6 |
| 5 | 9/117 A | ചെറിയാൻ വർക്കി തെക്കേതെരുവിൽ തകടിയിൽ | 6 |
| 6 | 12/53 | സുനീഷ് കുമാർ കെ.എസ് കോട്ടപറമ്പിൽ മേലത്തേതിൽ | **6** |
| 7 | 2/188 | സുനിമോൾ, വാഴയിൽ ആല | **5** |

വസ്തുനികുതി നഷ്ടമുണ്ടാകുന്ന സാഹചര്യം വിശദീകരിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-10; തീയതി 23.10.24) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. സമാനമായ അപാകതകൾ സംഭവിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയ ഫയലുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-13 ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതി ചുമത്തുന്നില്ല

ടെലികമ്മ്യൂണിക്കേഷൻ ടവറുടമകളെ വസ്തുനികുതി ചുമത്തുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇന്റിമേഷൻ നൽകി നിർമ്മാണം പൂർത്തീകരിച്ച ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാതാക്കൾ നിർമ്മാണം പൂർത്തീകരിച്ചാലും വിവരം ഗ്രാമപഞ്ചായത്തുകളെ അറിയിക്കാതിരിക്കുന്ന സാഹചര്യം വസ്തുനികുതി നഷ്ടമുണ്ടാക്കുന്നുണ്ട്.

140120108 എന്ന ഹെഡ് പ്രകാരം 30,000/-, മൂന്ന് ടെലിഫോൺ ടവറുകളുടെ നിർമ്മാണത്തിനുള്ള ഇന്റിമേഷൻ എന്ന നിലക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ട്.

| തീയതി | രസീത് നം. | തുക | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 17-06-2023 | 1230100381 | 10000 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| 05-12-2023 | 1230101177 | 10000 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| 02-03-2024 | 1230102360 | 10000 | ഇൻഡസ് ടവർസ് ലിമിറ്റഡ് |

മേൽ അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയിച്ചതും നിർണ്ണയിക്കാത്തതുമായ ടെലിഫോൺ ടവറുകളുടെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(7/23.10.24) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് തല പരിശോധന നടത്തി ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പക്ഷം വസ്തുനികുതി ചുമത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-14 പ്രോവിഡൻസ് കോളേജ്- അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നിലവിലെ കെട്ടിടങ്ങളിലെ വസ്തുനികുതി അപാകം പരിഹരിക്കുന്നതിനും കാലതാമസം**

1995 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം സാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിദ്യാഭ്യാസ ആവശ്യം എന്ന നിലക്കുള്ള വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്.

പ്രോവിഡൻസ് കോളേജ്, ചെങ്ങന്നൂർ എന്ന സാശ്രയവിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായും വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഡേറ്റാ ബേസ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തലിലും അപാകം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോവിഡൻസ് കേളേജിന്റെ ഉടമസ്ഥതയിലുള്ള 11.75 ഏക്കർ സ്ഥലത്ത് നിലവിൽ ഒക്യുപൻസി അനുവദിച്ചിട്ടുള്ള 11058.58 ചതുരശ്രമീറ്റർ കെട്ടിടങ്ങൾ കൂടാതെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 4723.72 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള എൻജിനീയറിംഗ് ബ്ലോക്ക്, സെക്യൂരിറ്റി കാബിൻ (15.4 ച.മീ) എന്നിവ ക്രമവൽക്കുന്നതിനും ഉൾപ്പെടെ ആകെ 15797.70 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ലേ ഔട്ട് യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ചിരുന്നു (17-01-2024 ലെ LSGD *JD*ALP/8790/2023-T3/കെഡിസ് നമ്പർ കത്ത്). എന്നാൽ നിലവിലും കെട്ടിടങ്ങളുടെ ക്രമവൽക്കരണവും വസ്തുനികുതി ചുമത്തലും പൂർത്തിയായിട്ടില്ല. ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നിരവധി അപാകങ്ങൾ പരിഹരിക്കുന്നതിന് 10/09/24 ൽ പ്രോവിഡൻസ് കോളേജിന് കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

1)പ്രോവിഡൻസ് കോളേജിന് ഒക്യുപൻസി ലഭിച്ച കെട്ടിടങ്ങളിലും അധികനിർമ്മാണമുണ്ടെന്ന് മരാമത്ത് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (3/363 നമ്പർ കെട്ടിടത്തിന്റെ വിസ്തൃതിയിൽ 300 ചതുരശ്രമീറ്റർ അധിക നിർമ്മാണം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്). എന്നാൽ നടപടികൾ നിലവിലും പൂർത്തിയായിട്ടില്ല.

അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടും അധിക നിർമ്മിതികളെ വസ്തുനികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തല്ല.

2) 17-01-2024 ൽ *ലേ ഔട്ട് യൂസേജ് ഓഫ് പ്ലോട്ട്* അംഗീകാരം ലഭിച്ചിരുന്നിട്ടും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിരിക്കുന്നത് 04-09-24 ൽ മാത്രമാണ്. കാലതാമസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.
3) പ്രോവിഡൻസ് കോളേജിന്റെ നിലവിൽ ഒക്യുപൻസി അനുവദിച്ചിട്ടുള്ള വിവിധ കെട്ടിടങ്ങളുടെ വിവരങ്ങൾ വ്യത്യസ്ത രീതിയിലാണ് ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചില കെട്ടിടങ്ങൾ പ്രാഥമിക മേഖലയിലാണെങ്കിൽ മറ്റുള്ളവ ദ്വിതീയ മേഖലയിലാണ്. ചില കെട്ടിടങ്ങളുടെ വഴി സൗകര്യം അഞ്ചോ അധിലധികമോ മീറ്റർ വിസ്തൃതിയുള്ള വഴി സൗകര്യം എന്ന് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മറ്റ് ചിലതിന് 1.5 ന് മുകളിൽ അഞ്ചിന് താഴെ വിസ്തൃതിയുള്ള വഴി എന്ന നിലക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അപാകങ്ങൾ പരിഹരിച്ച മുഴുവൻ കെട്ടിടങ്ങളെയും വസ്തുനികുതി ചുമത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-12/2023-24, തീയതി:23-10-2024 )

## 1-15 പുതിയതായി നിർമ്മാണം പൂർത്തീകരിച്ച വില്ലേജ് ഓഫീസ് കെട്ടിടത്തെ വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിലെ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ (വില്ലേജ് ഓഫീസ്, ആല) വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ നൽകിയിട്ടില്ല. കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ഉത്ഘാടനം നടത്തപ്പെട്ടുവെങ്കിലും നാളിതുവരെയും വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.
(വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-8/23-10-2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

## 1-16 സ്പോർട്ട്സ് ടർഫിനെ വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ കോടുകുളഞ്ഞി ജംഗ്ഷനിൽ *ആകാശ് മെമ്മോറിയൽ ഇൻഡോർ കോർട്ട്* എന്ന പേരിൽ ഒരു സ്പോർട്ട്സ് ടർഫ് പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടത്തിനെ നിയമാനുസൃത കെട്ടിടമെന്ന നിലക്കോ അനധികൃതകെട്ടിടമെന്ന നിലക്കോ വസ്തുനികുതി ചുമത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-15/24-10-24) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ സ്പോർട്സ് ടർഫുകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ട് (സ.ഉ.(അച്ചടി)നം.25/2023/LSGD/5-4-2023 കാണുക). ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് ടർഫുകൾക്ക് നിശ്ചയിച്ച വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40 രൂപയാണ് (2023-24 വർഷം മുതൽ പ്രാബല്യത്തിലുള്ളത്). ഈ സ്പോർട്സ് ടർഫിനെയും അനുബന്ധകെട്ടിട നിർമ്മിതികളെയും 2022-23 മുതൽ ക്രമവൽക്കരിച്ച് വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി- സഞ്ചയ ഡേറ്റാ ബേസിലെ നികുതി നിർണ്ണയ വിവരങ്ങളിൽ അപാകം

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ

പേരിലുള്ള അധിക നിർമ്മിതികളുടെ ക്രമവൽക്കരണത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തീർപ്പാക്കി അധിക നിർമ്മിത വിസ്തൃതി സഞ്ചയയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 9 ; തീയതി 23-10-24) മറുപടി ലഭ്യമാക്കിയില്ല.

1) ജയരാജ്, കിടങ്ങന്നൂർ ഹൗസ്, കോടുകുളഞ്ഞി എന്നയാളുടെ പേരിലുള്ള കെട്ടിടത്തിൽ (9/112) അധികമായി നിർമ്മിച്ച 37.73 ചതുരശ്രമീറ്റർ ക്രമവൽക്കരിച്ച് ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു.

2)1/61 എന്ന വാണിജ്യാവശ്യകെട്ടിടത്തിൽ (തോമസ് ഫിലിപ്പോസ്, തയ്യിലേത്ത്, ആല) അധികമായി നിർമ്മിച്ച 18.54 ചതുരശ്രമീറ്റർ ക്രമവൽക്കരിക്കാനായി സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന് 100 ചതുരശ്രമീറ്റർ വിസ്തൃതിയുണ്ട്. എന്നാൽ നിലവിൽ 1/61 എന്ന പഴയ കെട്ടിടത്തിന്റെ ഫോറം -6 ൽ 18 ചതുരശ്രമീറ്റർ മാത്രമാണ് ഉൾപ്പെടുന്നത്.

3)ഇ.ജി വർഗ്ഗീസ്, എടക്കാട്ടേത്ത് പുത്തൻ വീട് കോട് കുളഞ്ഞി എന്നയാളുടെ 9/247 എന്ന കെട്ടിടത്തിൽ 46.11 ചതുരശ്രമീറ്റർ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. എന്നാൽ നിലവിലും പഴയ കെട്ടിടത്തിന്റെ വിസ്തൃതിയായ 152 ചതുരശ്രമീറ്റർ മാത്രമാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നത്.

4)കംപ്ലീഷൻ പ്ലാൻ പ്രകാരം *സ്പെഷ്യൽ റസിഡൻസ്* എന്ന രീതിയിൽ രണ്ട് അപാർട്ട്മെന്റുകളായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് ഉടമയുടെ സ്വന്തം താമസാവശ്യം എന്ന നിലക്കാണ് വസ്തുനികുതി ചുമത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സജി ഫിലിപ്പ്, നാലുകണ്ടത്തിൽ പുത്തൻ വീട്ടിൽ, പെണ്ണുക്കര എന്നയാളുടെ ഉടമസ്ഥതയിൽ വസ്തുനികുതി നിർണ്ണയിച്ച 12/297 A, B എന്നീ കെട്ടിടങ്ങൾ 47.4 ചതുരശ്രമീറ്റർ വീതം വിസ്തൃതിയുള്ള കെട്ടിടങ്ങളും സ്പെഷ്യൽ റസിഡൻസ് എന്ന രീതിയിൽ അപാർട്ട്മെന്റുകളായി നിർമ്മിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇതിന് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടം എന്ന നിലക്കാണ് വസ്തുനികുതി ചുമത്തിയത്.
മേൽ വിഷയത്തിൽ (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-9 തീ- 23/10/24 ) വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അപാകങ്ങൾ പരിഹരിച്ച് വസ്തുനികുതി പുന:നിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>1-18 പുതുക്കിയ നിരക്ക് ഉൾപ്പെടുത്തി വസ്തുനികുതി പുനനിർണ്ണയിച്ചില്ല.</u>**

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (അ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, ആല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08-08-2023 ലെ 1(1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാൻഡിൽ കുറവുണ്ടാക്കി.
വസ്തുനികുതി വിജ്ഞാപനം അന്തിമമാക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ചിലതിനെ 2023-24 മുതൽ ബാധകമായ നിരക്കിലേക്ക് പുതുക്കി വസ്തുനികുതി പുനനിർണ്ണയിച്ച് സഞ്ചയ ഡേറ്റാ ബേസ് കാലികമാക്കിയില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 11/76 A | ബിനോയ് തങ്കച്ചൻ, വേളാഞ്ചേരിൽ |
| 2 | 7/177 | കെ.പി തോമസ് കടയിക്കാട് കിഴക്കതിൽ |
| 3 | 9/403 | രഞ്ചി അലക്സ് ബിറ്റി രഞ്ചി അലക്സ് നാലുകണ്ടത്തിൽ രഞ്ചി വിഹാർ |

കെട്ടിടങ്ങളെല്ലാം കൂട്ടിചേർക്കലുകൾ ഉൾപ്പെടുന്നവയാണ്. നിലവിൽ കൂട്ടിചേർക്കപ്പെട്ട ഭാഗങ്ങൾക്കും 2022-23 ൽ ബാധകമായ അടിസ്ഥാനവസ്തുനികുതി നിരക്ക് മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. വസ്തുനികുതി നഷ്ടം വിശദീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-11/23-10-24) മറുപടി ലഭ്യമാക്കിയില്ല. 2023-24 ഏപ്രിൽ 1 ന് ശേഷം നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി ചുമത്തപ്പെടുന്ന ഭാഗങ്ങൾക്ക് പുതിയ നിരക്കിലാണ് വസ്തുനികുതി ബാധകമാകുക. ആയതിനാൽ ഈ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഇൻസ്റ്റാകാർട്ട്, കോട്കുളഞ്ഞി എന്ന സ്ഥാപനം ഓൺലൈൻ ട്രേഡിംഗ് സ്ഥാപനങ്ങളുടെ കൊറിയർ / ഡെലിവറി സ്ഥാപനമാണ്. ടി സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പത്ത് ജീവനക്കാരിൽ നിന്നും 2023-24 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിരുന്നു. എന്നാൽ രണ്ടാം അർദ്ധവർഷം മൂന്ന് ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി ചുമത്തിയിട്ടുള്ളത്. ഈ സ്ഥാപനത്തിലെ ഡെലിവറി സ്റ്റാഫ് ഉൾപ്പെടെയുള്ളവരെ തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2)പെണ്ണുക്കര മാവേലി സ്റ്റോർ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയല്ല പ്രവർത്തിക്കുന്നത്. ടി സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മാവേലി സ്റ്റോറിന്റെ സ്ഥാപന തൊഴിൽ നികുതിയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. (ഒന്നാം അർദ്ധവർഷം മൂന്ന് താൽകാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്). സ്ഥിരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ടി ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പളം നൽകുന്ന ഓഫീസ് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട് എന്നറിയിച്ചു. തുടർ വർഷങ്ങളിൽ മാവേലി സ്റ്റോറിലെ സ്ഥിരം ജീവനക്കാരെയും താൽകാലിക ജീവനക്കാരെയും ശമ്പളം നൽകുന്ന ഓഫീസ് മുഖാന്തിരം തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

3)തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | മെട്രോൺ ലാബ് നെടുവരംകോഡ് | I &II |
| 2 | സുവാര്ധാ ലാബ് കോട്കുളഞ്ഞി | I &II |
| 3 | മാവേലി സ്റ്റോർ താൽകാലിക ജീവനക്കാർ | II |
| 4 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | I |
| 5 | VK ഫിനാൻസ് | I &II |

തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

4)ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഒടുക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത അർദ്ധവർഷം |
|---|---|---|
| 1 | KVF നിധി ലിമിറ്റഡ്, കോട്കുളഞ്ഞി | I &II |
| 2 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | I &II |
| 3 | ശ്രീവത്സം ഫിനാൻസ് | I &II |
| 4 | പെണ്ണുക്കര നിധി ലിമിറ്റഡ് | I &II |
| 5 | കല്ലുമോടിയിൽ ഫിനാൻസ് | I &II |
| 6 | ശ്രീ രാഗം ഫിനാൻസ്, ആല | II |
| 7 | ശ്രീ രാഗം ഫിനാൻസ്, നെടുവരംകോട് | II |
| 8 | ശ്രീധന ലക്ഷ്മി | II |
| 9 | ബാലകൃഷ്ണ ചിട്ടി ഫണ്ട് | I &II |
| 10 | ക്ഷീര സംഘം, ആല | I &II |

തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-14/24-10-24 ന് മറുപടി ലഭ്യമായില്ല)

## 1-20 ലൈസൻസ് ഫീസ് ഡിമാൻഡ് എൻട്രി വർഷാവസാനം മാത്രം നടത്തുന്നത് വരുമാനചോർച്ചക്കിടയാക്കുന്നു

സ.ഉ (കൈ) നം. 152/2011/ത.സ്വ.ഭ.വ തീയതി 26-07-2011 പ്രകാരം പഞ്ചായത്ത് അക്കൗണ്ടിംഗ് നയങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം FAEOTS ലൈസൻസ് ഫീസ് അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വരവിനവും ഡിമാൻഡ് സംബന്ധിച്ച വിവരം വർഷാരംഭത്തിൽ അക്രൂവൽ അടിസ്ഥാനത്തിൽ കണക്കുകളിൽ

ഉൾപ്പെടുത്തേണ്ട ഇനവുമാണ്. തൻവർഷ ഡിമാൻഡ് എൻട്രി നടത്തുമ്പോൾ മുൻവർഷത്തെ വിവരങ്ങളെ ആധാരമാക്കേണ്ടതാണ്. എന്നാൽ വർഷാവസാനം (31-03-24 ൽ) വരവ് തന്നെ ഡിമാൻഡ് എൻട്രിയായി ഉൾപ്പെടുത്തുകയാണുണ്ടായത്. വർഷാരംഭ നടപടി എന്ന നിലക്ക് ചെയ്യേണ്ട അക്രൂവൽ രേഖപ്പെടുത്തൽ വർഷാവസാനം മാത്രം ചെയ്യുന്നത് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്തുന്നതിനും അതുവഴി തനതുവരുമാന ചേർച്ച കണ്ടെത്തുന്നതിനും വിഘാതമാകുന്നുണ്ട്. ലൈസൻസിംഗിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ പോലും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. വാർഡടിസ്ഥാനത്തിൽ സ്ഥിരമായി നമ്പർ നൽകുന്നതിനും വാർഷിക കണക്കുകളിൽ കൃത്യമായി വർഷാരംഭ ഡിമാൻഡ് നൽകുന്നതിനും അതുവഴി അനധികൃത വ്യാപാരങ്ങൾ തടഞ്ഞ് FATEOS ലൈസൻസ് നടപടികൾ നൂറുശതമാനമാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-21 ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കുന്നില്ല - ഫണ്ട് ലാപ്സാകുന്നു**

വാർഷിക പദ്ധതി രൂപീകരിച്ച് പഞ്ചായത്ത് ഏറ്റെടുക്കുകയും ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന പ്രോജക്ടുകളിൽ ഭൂരിഭാഗവും നടപ്പാക്കാൻ പഞ്ചായത്തിന് കഴിയാത്തതിനാൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന വിവിധ ഫണ്ടുകളും ഗ്രാന്റുകളും ലാപ്സാകുന്ന അവസ്ഥയുണ്ടാകുന്നു. 2023-24 ൽ പഞ്ചായത്ത് 157 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 59 എണ്ണം മാത്രമാണ് പൂർത്തിയായത്. 30 എണ്ണം ഭാഗികമായി നടപ്പാക്കിയപ്പോൾ 68 എണ്ണം നടപ്പാക്കാനായില്ല. അതായത് ഏറ്റെടുത്ത പ്രോജക്ടുകളിൽ 43.31 ശതമാനത്തിലും ഒരു രൂപ പോലും തൻവർഷം ചെലവഴിക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ആകെ പ്രോജക്ട് അടങ്കൽ 8.01 കോടിയായിരുന്നപ്പോൾ ചെലവ് 2.29 കോടി (35.33%) മാത്രമാണ്. സർക്കാരിൽ നിന്ന് ലഭിക്കുന്ന വിവിധ ഫണ്ടുകളിൽ റോഡിതര സംരക്ഷണ ഗ്രാന്റ് മാത്രമാണ് പൂർണ്ണമായി ചെലവഴിച്ചത്. ഇതിൽ ലഭിച്ച 25.34 ലക്ഷം രൂപയും ചെലവഴിക്കപ്പെട്ടു. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത (38.67 ലക്ഷം) മുഴുവൻ ഗ്രാന്റും ലഭിക്കാതിരുന്നത് ഈയിനത്തിലെ ചെലവ് ശതമാനം കുറയാനിടയായി. മറ്റ് സർക്കാർ ഫണ്ടുകളുടെ കാര്യത്തിൽ ലഭിച്ച തുകയുടെ എഴുപത് ശതമാനം പോലും ചെലവഴിക്കപ്പെട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നടപ്പാക്കലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രേജക്ടുകൾ | പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയവ | നടപ്പാക്കാത്തവ | നടപ്പാക്കിയതിന്റെ ശതമാനം | പദ്ധതി അടങ്കൽ (ലക്ഷം രൂപ) | ചെലവ് (ലക്ഷം രൂപ) | ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 3 | 70.00 | 24.03 | 10.58 | 44.02 |
| വെറ്റിനറി സർജൻ | 7 | 5 | 2 | 71.43 | 12.29 | 9.11 | 74.13 |
| ക്ഷീര വികസന ഓഫീസർ | 1 | 1 | 0 | 100 | 3.00 | 2.25 | 75.00 |
| സെക്രട്ടറി | 34 | 27 | 7 | 79.41 | 54.16 | 40.84 | 75.41 |
| അസി. സെക്രട്ടറി | 12 | 5 | 7 | 41.67 | 23.58 | 11.22 | 47.46 |
| വി.ഇ.ഒ | 20 | 12 | 8 | 60.00 | 44.71 | 11.39 | 25.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 5 | 6 | 45.45 | 32.40 | 15.50 | 47.84 |
| ഹെഡ്മാസ്റ്റർ | 9 | 12 | 3 | 75.00 | 16.67 | 5.05 | 30.29 |

| | | | | | | | |
|---|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 10 | 8 | 2 | 80.00 | 27.71 | 22.30 | 80.48 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 5 | 1 | 83.33 | 10.43 | 9.29 | 86.06 |
| അസി.എൻജിനീയർ | 43 | 14 | 29 | 32.56 | 193.53 | 42.85 | 22.14 |

അസിസ്റ്റന്റ് എൻജിനീയർ, വി.ഇ.ഒ എന്നിവർ മുപ്പത് ശതമാനം മാത്രമാണ് ചെലവഴിച്ചത്. പശ്ചാത്തല മേഖലയിൽ ചെലവ് 22.14 ശതമാനവും ഉൽപ്പാദന മേഖലയിൽ 55.70 ശതമാനവുമാണ് ചെലവ്.

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് (₹) | ആകെ (₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) | ലാപ്സായ തുക (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 90,11,000 | 90,11,000 | 61,64,077 | 0 | 28,46,923 | 68.41 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 75,05,000 | 75,05,000 | 50,10,452 | 0 | 25,69,033 | 66.76 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | 0 | 68,24,650 | 68,24,650 | 13,91,390 | 0 | 54,33,360 | 20.39 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | 0 | 25,34,000 | 25,34,000 | 25,34,000 | 0 | 00 | 100 |
| സി.എഫ്.സി –ബേസിക്ക് ഗ്രാന്റ് | 8,91,952 | 14,92,000+ 57,063 പലിശ | 24,41,015 | 18,57,658 | 5,83,357 | 0 | 76.10 |
| സി.എഫ്.സി –ടൈഡ് ഗ്രാന്റ് | 22,49,149 | 11,19,000 | 33,68,149 | 15,84,917 | 17,83,232 | 0 | 47.06 |

വിവിധ ഗ്രാന്റുകൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നത് വഴി 1.08 കോടി രൂപ (1,08,49,316) രൂപ പഞ്ചായത്തിന് തൻവർഷം ലാപ്സായി. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റുകൾ എന്നിവയിലായി 2.59 കോടി രൂപ അനുവദിക്കപ്പെട്ടതിലാണ് 1.08 കോടി ലാപ്സായത്. അതായത് ഈ ഗ്രാന്റുകളുടെ 41.70 ശതമാനവും വിനിയോഗിക്കപ്പെടാതെ പോയി.

ജില്ല പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച് പ്രോജക്ട് അടങ്കൽ വച്ച തുകയിൽ ചെറിയ ശതമാനം മാത്രമാണ് ലഭ്യമായത്. ഇതും ചെലവ് ശതമാനം ഇടിയാനിടയാക്കി. ജില്ലാ പഞ്ചായത്തിൽ നിന്ന് 59.59 ലക്ഷം പ്രതീക്ഷിച്ചതിൽ 2.56 ലക്ഷം (4.2 ശതമാനം) മാത്രമേ ലഭ്യമായുള്ളൂ. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 54.94 ലക്ഷം പ്രതീക്ഷിച്ചെങ്കിലും 14.73 ലക്ഷം രൂപ (26.81%) മാത്രമാണ് ലഭിച്ചത്. സംസ്ഥാനാവിഷ്കൃത ഫണ്ടാകട്ടെ പ്രതീക്ഷിച്ചതിന്റെ 21.9 ശതമാനമാണ് ലഭിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/23-24; 25.10.24) ട്രഷറി നിയന്ത്രണങ്ങൾ നിമിത്തവും എഴുപത്തിയഞ്ച് ലക്ഷത്തോളം രൂപയുടെ ബിൽ ക്യൂബില്ലിൽ പെട്ടുപോയതിനാലുമാണ് ഇപ്രകാരം സംഭവിച്ചത് എന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയും നടപ്പാക്കാനാവാത്തവ നേരത്തേ കണ്ടെത്തി വാർഷിക പദ്ധതി പരിഷ്കരിച്ചും നൂറ് ശതമാനം ചെലവ് സാദ്ധ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകൾ ലാപ്സാകുന്നതൊഴിവാക്കാൻ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

**1-22 പ്രിന്റിംഗ് ചാർജ്ജ്- ആദായനികുതി കുറവ് ചെയ്തില്ല**

സെക്രട്ടറി നടപ്പാക്കിയ പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ എന്ന പ്രോജക്ട് വഴി (നം.എസ്.6/24) വിവിധ പ്രിന്റിംഗ് ചാർജ്ജിനത്തിൽ 107220 രൂപ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എം.ജി.എം ഓഫ്സെറ്റ് പ്രിന്റേഴ്സ്, എണ്ണക്കാട് എന്ന സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനത്തിന്റെ എസ്.ബി.ഐയിലെ അക്കൌണ്ട് നം. 67383549525 ൽ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. സാധന സേവന ഘടകങ്ങൾ ഉള്ള ഈ പ്രവർത്തനത്തിന് ഒരു സാമ്പത്തിക വർഷം ആകെ നൽകിയ തുക ഒരു ലക്ഷം രൂപയിൽ അധികമായിട്ടും ഉത്തവത്തിൽ കുറവ് ചെയ്യേണ്ട രണ്ട് ശതമാനം ആദായ നികുതി (സ്ഥാപന അക്കൌണ്ട് ആകയാൽ) കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയിട്ടില്ല. ബിൽ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപന ബിൽ നം., തീയതി | തുക(രൂപ) | ബിൽ റഫ.നം, തീയതി |
|---|---|---|
| 183/29.3.23 | 18170 | 0077747 / 09.05.2023 |
| 269/14.7.23 | 53525 | 0388039 / 01.08.2023 |
| 403/27.12.23 | 5525 | 0986066/ 27.12.2023 |
| 451/ 25.01.24 | 20000 | 1462599/ 23.3.2024 |
| 457/ 01.02.24 | 10000 | |
| ആകെ | 107220 | |

107220 രൂപയുടെ രണ്ട് ശതമാനമായ 2144 രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. (ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/21.10.24) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്).

**1- 23 മുൻകൂർ പണമൊടുക്കിയിട്ടും ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല**

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട്' (പ്രോജക്ട് നം. S0164/24, അടങ്കൽ -2.5 ലക്ഷം രൂപ) വഴി ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 250000 രൂപ (ബിൽ നം.7/16.2.24) ഹോംകോയ്ക്ക് മുൻകൂറായി നൽകിയിരുന്നു. എന്നാൽ 101823 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചത്. ശേഷിയ്ക്കുന്ന 148177 രൂപയുടെ മരുന്നുകൾ ലഭിയ്ക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 16/23-24; 24.10.2024) ഹോംകോയ്ക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 1,48,177 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിലെ കാലതാമസം ആശുപത്രി പ്രവർത്തനത്തെ ബാധിക്കാനിടയുള്ളതിനാൽ ഇക്കാര്യത്തിൽ

ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**1- 24 വികസന ഫണ്ട് വൈദ്യുതി ചാർജ്ജ് അടക്കാനായി വിനിയോഗിച്ചു**

പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ട കമ്യൂണിറ്റി ഹാൾ, പട്ടികജാതി നഗർ കുടിവെള്ളപദ്ധതികൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുവാനായി പ്രോജക്ട് നം. എസ്. 19/24 വഴി 103962 രൂപ വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) വിനിയോഗിച്ചിട്ടുണ്ട്. സ.ഉ (കൈ) 84/22; 19.4.2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഭാഗം 6.6 പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വൈദ്യുതി, കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനാണ് ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. വൈദ്യുതി ചാർജ്ജ് അടക്കമുള്ള ആവർത്തന സ്വഭാവമുള്ള റവന്യൂ ചെലവുകൾക്കായി വികസന ഫണ്ട് വിനിയോഗിക്കാനാകില്ല. ഉമ്മത്ത്, കിണറുവിള, പഴുക്കാമോടി, തേവരക്കുളം, കളക്കാട്ട്, മാങ്കൂട്ടത്തിൽ എന്നി കുടിവെള്ള പദ്ധതികളുടേയും പഴുക്കാമോടി കമ്യൂണിറ്റി ഹാളിന്റേയും വൈദ്യുതി ചാർജ്ജ് അടയ്ക്കാനാണ് ഈ പണം ചെലവഴിച്ചത്. പണം സെക്രട്ടറിയുടെ പേരിലുള്ള ഫെഡറൽ ബാങ്കിലെ 11590100106506 അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയാണ് ഉണ്ടായത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് വിനിയോഗിച്ചതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/21.10.24) മറുപടി ലഭ്യമായില്ല. തനത് ഫണ്ടിൽ നിന്ന് റീകൂപ്പ് ചെയ്ത് വികസനഫണ്ടിൽ ഒടുക്കി അപാകം പരിഹരിക്കേണ്ടതും വികസന ഫണ്ട് നിർദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്ക് മാത്രം ഉപയോഗപ്പെടുത്തുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

**പ്രോജക്ട് വിവരം**

പ്രോജക്ട് നം. എസ്. 19/24, എസ്.സി കമ്യൂണിറ്റി ഹാളുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് അടക്കുന്നതിനുള്ള തുക

അടങ്കൽ – 118635 രൂപ

ചെലവ് – 103962 രൂപ (ബിൽ റഫ. നം. 0805451/ 17.11.23 – 55764 രൂപ,
1121155/ 25.01.24 – 31373 രൂപ,
1289388/ 27.02.24- 16825 രൂപ)

**1-25 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല – ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.**

പഞ്ചായത്ത് 2023-24 ൽ വിവിധ പ്രവൃത്തികൾക്കായി 8,27,598 രൂപ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോഡിൽ (KSEB) നിക്ഷേപിച്ചുവെങ്കിലും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുകയോ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ (രൂപ), ഫണ്ടിനം | ചെലവ് (രൂപ), | ബിൽ/വൌച്ചർ വിവരം |
|---|---|---|---|
| S0157/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 10 ലക്ഷം (സി.എഫ്.സി ഗ്രാന്റ്, ജില്ല പഞ്ചായത്ത് വിഹിതം 5 ലക്ഷം വീതം) | 4,97,388 (സി.എഫ്.സി ഗ്രാന്റ്) | XVFC/23-24/p/27; 04.10.23- 194388 രൂപ. XVFC/23-24/p/25; 07.09.23 -303000 രൂപ) |
| S0158/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 2.5 ലക്ഷം (സി.എഫ്.സി ഗ്രാന്റ്) | 250000 | XVFC/23-24/p/28; 04.10.23 |

| | | | |
|---|---|---|---|
| രണ്ടാം ഘട്ടം | | | |
| S0159/24, ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ രണ്ടാം ഘട്ടം | 69,320 (സി.എഫ്.സി ഗ്രാന്റ്) | 10120 | 326/27.3.2024 |
| S0162/24, ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 60,000 (സി.എഫ്.സി ഗ്രാന്റ്) | 59500 | 25/03.06.2023 |
| S0193/24, പത്താം വാർഡിലെ ആറാം നമ്പർ അങ്കണവാടിക്ക് വൈദ്യുതി കണക്ഷന് പോസ്റ്റിടൽ | 10,590 (കേന്ദ്രാവിഷ്കൃത ഫണ്ട്) | 10590 | 1250/24; 23.3.24 |
| ആകെ | | 8,27,598 | |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയും പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. കരാറിലേർപ്പെടാതിരുന്നതിന്റേയും പ്രവൃത്തി പൂർത്തീകരണം വൈകുന്നതിന്റേയും കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/23-24; 22.10.24) കെ.എസ്.ഇ.ബിക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കി.
പ്രവത്തികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ 8,27,598 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് യഥാകാലം കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 26 വീട് പുനരുദ്ധാരണം - മുൻകൂർ വാങ്ങിയ മൂന്ന് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ ഭവന പുനരുദ്ധാരണ പ്രവർത്തികളിൽ 50000 രൂപ വീതം മുൻകൂർ കൈപ്പറ്റിയവരും ഓഡിറ്റ് സമയം വരെ പ്രവർത്തി പൂർത്തിയാക്കാത്തവരുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. ഇവർ രണ്ടാം ഗഡു കൈപ്പറ്റിയിട്ടുമില്ല.

| പേര്, മേൽവിലാസം | പണം കൈപ്പറ്റിയ ബാങ്ക് അക്കൌണ്ട് | ബിൽ നം, തീയതി, ബിൽ തുക (രൂപ) |
|---|---|---|
| പ്രോജക്ട് നം. S36/24, വീട് വാസയോഗ്യമാക്കൽ ജനറൽ 2023-24 (അടങ്കൽ- 13 ലക്ഷം രൂപ; ചെലവ് – 6.5 ലക്ഷം രൂപ; വികസനഫണ്ട് (ജനറൽ) | | |

| | | |
|---|---|---|
| സോമചിത്ര, കോലത്തച്ചൻ പറമ്പിൽ, വാർഡ്- 1 | 1990101020871 (കാനറ ബാങ്ക്) | 0899956/6.12.23; 50000 |
| രതീഷ് കുമാർ എൻ.ബി., നെടുവന്തറ തെക്കതിൽ, വാർഡ് 10 | 67319823813 (എസ്.ബി.ഐ) | 1539585/25.3.24; 200000 |
| പ്രോജക്ട് നം. S37/24, വീട് വാസയോഗ്യമാക്കൽ പട്ടികജാതി 2023-24 (അടങ്കൽ- 13 ലക്ഷം രൂപ; ചെലവ് – 10.65 ലക്ഷം രൂപ; വികസനഫണ്ട് (എസ്.സി.പി) | | |
| സജി കെ.കെ., കല്ലുപറമ്പിൽ, വാർഡ് 5 | 67264018646 (എസ്.ബി.ഐ) | 1006771/ 1.1.24; 50000 |

ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തതിന്റെ കാരണം, പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്ന് വരുന്നതായും അത് ഉടൻ പൂർത്തിയാക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുമെന്നുമുള്ള മറുപടി നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കി. ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കാൻ ഭരണസമിതി ആവശ്യമായ നടപടികൾ കൈക്കോള്ളേണ്ടതാണ്.

**<u>1-27 ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ 12000/-രൂപ തിരികെ ലഭിച്ചിട്ടില്ല</u>**

ഫെസ്റ്റിവൽ അഡ്വാൻസായി ശ്രീ. സാജൻ, ഓഫീസ് അറ്റൻഡന്റിന്റെ 2023-24 ൽ അനുവദിച്ച 20000 രൂപയിൽ 8000 രൂപ മാത്രമാണ് തിരികെ ഒടുക്കിയിട്ടുള്ളത്. ശ്രീ. സാജൻ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുള്ളതാണ്. 12000 രൂപ ഒരു വർഷത്തിന് ശേഷവും തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാത്തതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/23-24; 25.10.24) മറുപടി ലഭ്യമാക്കിയില്ല. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ട് 12000 രൂപ ശ്രീ. സാജൻ, ഓഫീസ് അറ്റൻഡന്റിൽ നിന്നും അടിയന്തിരമായി ഈടാക്കേണ്ടതാണ്.

**<u>ചെലവ് വിവരം</u>**

വൌച്ചർ നം. – 22300272

തീയതി – 01.09.2023

തുക – 20000 രൂപ

**<u>1- 28 സ്കോളർഷിപ്പ് വിതരണം – ഒരു വിദ്യാർത്ഥിക്ക് അർഹമായ പരമാവധി സഹായം നൽകിയില്ല</u>**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്ന പ്രോജക്ട് (നം.S 18/24) വഴി 24 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ. തീയതി 28.5.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം ബിരുദ വിദ്യാർത്ഥികൾക്കും ഡിപ്ലോമ വിദ്യാർത്ഥികൾക്കും അനുവദനീയമായ പരമാവധി സ്കോളർഷിപ്പ് 20000 രൂപയാണ്. എന്നാൽ വിവിധ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 20000 രൂപ സ്കോളർഷിപ്പ് അനുവദിച്ചപ്പോൾ ത്രിവത്സര ഡിപ്ളോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് 15000 രൂപ മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്.

ശ്രീ. ആദർശ് പ്രസാദ്, ഇരട്ടപ്ലാവ് നിൽക്കുന്നതിൽ, പൂമല എന്ന വിദ്യാർത്ഥിക്കാണ് പരമാവധി സ്കോളർഷിപ്പ് നൽകാതിരുന്നത്. ശ്രീ. ആദർശ് പ്രസാദ് വെണ്ണിക്കുളം ഗവ. പോളിടെക്നിക്കിലെ രണ്ടാംവർഷ കമ്പ്യൂട്ടർ എൻജിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 17.10.23 ൽ നൽകിയ സാക്ഷ്യപത്രം ലഭ്യമാക്കപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് വിതരണം നടത്തിയതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/21.10.24) മറുപടിയും ലഭ്യമായില്ല. സമാന കാലദൈർഘ്യമുള്ളതും സബ്സിഡി മാർഗ്ഗരേഖയിൽ ഒരേ നിരക്കിൽ പരമാവധി സഹായം അനുവദിച്ചിരിക്കുന്നതുമായ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് വിതരണം നടത്തിയത് തുല്യതക്കുള്ള അവകാശത്തിന്റെ ലംഘനമാണ്. അപാകം പരിഹരിക്കുന്നതിനും ആവർത്തിക്കാതെ നോക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**ചെലവ് വിവരം**

അടങ്കൽ – 8.2 ലക്ഷം (വികസന ഫണ്ട് (എസ്.സി.പി) – 768165 രൂപ; വികസന ഫണ്ട് (ജനറൽ) – 51835 രൂപ)

ചെലവ് – 768165 രൂപ (വികസന ഫണ്ട് (എസ്.സി.പി) )

ബിൽ റഫ. നം. – 0805446/ 17.11.23

UTR No. – RBI 0402459437719 , 15000 രൂപ, ശ്രീ. ആദർശ് പ്രസാദ്.

## 1-29 വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജ. നം.139/24, വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം (സ്പിൽ ഓവർ)

നിർവഹണം - കൃഷി ഓഫീസർ

അടങ്കൽ-50000/- (40000രൂപ-വികസന ഫണ്ട് (ജനറൽ), 10000 രൂപ- ഗുണഭോക്തൃ വിഹിതം )

ചെലവ് :- 50000/-(വികസന ഫണ്ട് ജനറൽ)

BRN.2307025201030054152 7/12.9.2023

വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം എന്ന പ്രോജക്ടിൽ 2000 കുറ്റിമുല്ല തൈകൾ 25/- രൂപ നിരക്കിൽ KAICO യിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി 10000/- രൂപയും വികസന ഫണ്ടിൽ നിന്നും 40000/- രൂപയുമുൾപ്പെടെ ആകെ 50000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. മുൻ വർഷം (2022-23) ഗുണഭോക്തൃ വിഹിതമായ 10000/- രൂപ ചെലവഴിച്ചു. സ്പിൽ ഓവർ ആയതിനാൽ വികസന ഫണ്ടിൽ നിന്നുള്ള 40000/- രൂപ തൻവർഷവും ചെലവഴിക്കുകയുണ്ടായി.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/22/LSGD/തീ.28.5.2022 6.1 ക്രമ നം. 5 പ്രകാരം ഫല പുഷ്പ ഔഷധ സസ്യകൃഷിയ്ക്കുള്ള വിത്തുകളും തൈകളും ജനറൽ വിഭാഗം കർഷക ഗ്രൂപ്പുകൾക്ക് 75% സബ്സിഡി നിരക്കിലേ നൽകാവൂ. എന്നാൽ മേൽ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 80% തുക (അതായത് 40000/-) വകയിരുത്തി ചെലവഴിക്കുകയുമുണ്ടായി. സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 2500/- രൂപ അധികമായി വികസന ഫണ്ടിൽ വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/25.10.2024) മറുപടി ഹാജരാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 2500/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-30 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണ ശേഷവും പെൻഷൻ സസ്പെന്റ്

ചെയ്തില്ല - അനർഹമായി തുക വിതരണം ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആല ഗ്രാമ പഞ്ചായത്തിലെ 2023-24 കാലയളവിലെ മരണ രജിസ്റ്റർ, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ എന്നിവ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം, പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി തുക കൈപ്പറ്റിയ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | നിലവിലെ പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1. | റ്റി.കെ.രാജമ്മ, കൊയ്പ്പള്ളി മഠത്തിൽ, പെണ്ണുക്കര | വാർദ്ധക്യ പെൻഷൻ, 104670200895 | 26.1.2023 | 14.2.2023 | 2/23 മുതൽ 05/24 വരെ | 1600x16 =25600 | ആക്ടീവ് |
| 2. | ചന്ദ്രൻ, പഴുക്കാമോടിയിൽ കിഴക്കേ ചരുവ്, പൂമല പി.ഒ | വാർദ്ധക്യ പെൻഷൻ, 104670202096 | 7.9.2023 | 29.9.2023 | 10/23 മുതൽ 05/24 വരെ | 1600x8 =12800 | ആക്ടീവ് |
| 3. | തോമസ്.കെ.വി, കളീയ്ക്കൽ, ആല | വാർദ്ധക്യ പെൻഷൻ, 104670201859 | 13.9.2023 | 22.9.2023 | 10/23 മുതൽ 05/24 വരെ | 1600x8 =12800 | ആക്ടീവ് |
| **ആകെ** | | | | | | **51200/-** | |

ക്രമ നം. 1, 2 എന്നീ ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി ആയും ക്രമ നം.3 ഗുണഭോക്താവിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുമാണ് തുക കൈമാറിയിട്ടുള്ളത്. പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് സേവന സോഫ്റ്റ്‌വെയറിൽ കാണുന്നത്.

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്കും ഡി.ബി.റ്റി

മുഖേനയും അനർഹമായി പെൻഷൻ കൈമാറിയതിനും യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/25.10.2024) മറുപടി ഹാജരാക്കിയില്ല. അനർഹമായി വിതരണം ചെയ്ത തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-31 പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പാകുന്നില്ല

പഞ്ചായത്തിന്റെ അടിസ്ഥാന സൌകര്യ വികസനം കുടികൊള്ളുന്ന പശ്ചാത്തല മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഭൂരിഭാഗവും നടപ്പാകുന്നില്ല. ഇത് പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടമാകലിനും പഞ്ചായത്തിന്റെ സർവ്വതോന്മുഖ വികസനത്തിനും തടസ്സമാകുന്നു.

2023-24 ൽ പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്തത് 43 പ്രോജക്ടുകളാണ്. ഇതിൽ 14 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. 29 പ്രോജക്ടുകൾ നടപ്പായില്ല. 12 സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 3 എണ്ണം നടപ്പാക്കാനായില്ല. സംരക്ഷണ ഗ്രാന്റ് (റോഡ്) അടങ്കൽ വച്ച 13 പ്രോജക്ടുകളും സംരക്ഷണ ഗ്രാന്റ് (റോഡിതരം) അടങ്കൽ വച്ച 2 പ്രോജക്ടുകളും നടപ്പാകാത്തവയിലുൾപ്പെടുന്നു. ഇതുമൂലം പ്രസ്തുത ഫണ്ടിൽ യഥാക്രമം 1.03 കോടി, 6.35 ലക്ഷം രൂപ എന്നിവ പഞ്ചായത്തിന് നഷ്ടമാകുന്ന സ്ഥിതി വിശേഷം സംജാതമാകുന്നു.

2023-24 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പശ്ചാത്തലമേഖലയിലെ പദ്ധതിയടങ്കൽ 1.57 കോടി രൂപയായിരുന്നു. ഇതിൽ 39.97 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവിന്റെ ശതമാനം 25.40 മാത്രമാണ്. സംരക്ഷണ ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് 1.18 കോടി രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തു. എന്നാൽ 68.25 ലക്ഷം രൂപ മാത്രമാണ് സർക്കാരിൽ നിന്ന് അനുവദിക്കപ്പെട്ടത്. 2024 മാർച്ച് 31 വരെ 14.63 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ചെലവ് അടങ്കലിന്റെ 12.39 ശതമാനവും അലോട്ട്മെന്റിന്റെ 21.43 ശതമാനവും മാത്രമാണ്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/24.10.2024) റോഡ് പ്രവൃത്തിയുടെ 38.54 ലക്ഷം രൂപയുടെ ബിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം തൻവർഷം ചെലവഴിക്കാൻ സാധിക്കാതിരുന്നതാണ് ചെലവ് ശതമാനം കുറയാനിടയാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. തദ്ദേശ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവെയ്ക്കപ്പെടുന്ന തുക യഥാസമയം ലഭിക്കാത്തത് പ്രാദേശിക വികസനത്തെ പ്രതികൂലമായി ബാധിക്കും. സർക്കാരുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-32 സർക്കാരിലേക്ക് ഒടുക്കേണ്ട തുക തനത് ഫണ്ടിൽ തുടരുന്നു

വാർഷിക കണക്കുകളിലെ 320100999 (പട്ടിക- ബി 4) എന്ന ഹെഡ് പ്രകാരം Other Liability എന്ന നിലക്ക് 20000 രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ തുടരുന്നുണ്ട്. ഈ പണം 2015-16 വർഷം സാമൂഹ്യ സുരക്ഷപെൻഷൻ മണിഓർഡർ മടങ്ങിയത് എന്ന നിലക്ക് ബാധ്യതയായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതാണ് (രസീത് നം-11508100270 തീയതി 14-03-2026). എന്നാൽ ഓഡിറ്റ് സമയത്തും ഈ തുക ബാധ്യതയായി തുടരുകയാണ്. തുക സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-33 ഹരിത കർമ്മസേനയുടെ പ്രവർത്തനം- അവലോകനം

പതിമൂന്ന് വാർഡുകളുള്ള ആല ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 13395 ആണ്. 3883

വീടുകളും 360 സ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിൽ ഇവിടങ്ങളിലെല്ലാം ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും അടഞ്ഞ് കിടന്ന വീടുകളിൽ അവധി ദിവസങ്ങളിലുൾപ്പടെ എത്തി യൂസർഫീ ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ യൂസർഫീ അടച്ചതിന്റെ രസീത് ഹാജരാക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തൊഴിലുറപ്പ് സൈറ്റുകൾ എന്നിവിടങ്ങളിൽ അജൈവമാലിന്യങ്ങൾ ഹരിത കർമ്മസേനയെ ഏൽപ്പിക്കേണ്ടതിനെ കുറിച്ചും യൂസർഫീ ഒടുക്കേണ്ടതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും സ്ഥാപന ഉടമകളെയും വ്യാപാരി, വ്യവസായികളെയും ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലുടനീളം ഇത് സംബന്ധിച്ച നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വഴിയും വാതിൽപ്പടി ശേഖരണം നടത്തപ്പെടുന്നു. നൂറ് ശതമാനം വീടുകളേയും സ്ഥാപനങ്ങളേയും പദ്ധതിക്കുള്ളിൽ എത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഹരിത സഹായസ്ഥാപനമില്ലാതെ തന്നെ പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചു എന്നത് സ്തുത്യർഹമാണ്.

മാലിന്യശേഖരണത്തിനുള്ള കലണ്ടർ അച്ചടിച്ച് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്. കലണ്ടർ അനുസരിച്ചുള്ള മാലിന്യ ശേഖരണം സാദ്ധ്യമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ശേഖരിക്കുന്നതിന് പുറമേ പഴകിയ വസ്ത്രങ്ങൾ, കുപ്പിച്ചില്ലുകൾ, ഇ-വേസ്റ്റ് മുതലായവയും ശേഖരിക്കപ്പെടുന്നു. ഹരിത കർമ്മസേനക്ക് സ്വന്തമായി വാഹനമില്ല. ഉയർന്ന ഒരു കുന്നിൻ പുറത്താണ് എം.സി.എഫ് സ്ഥിതിചെയ്യുന്നതെന്നതിനാൽ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കുക പ്രായോഗികമല്ലാത്തതിനാലാണ് വാഹനം വാങ്ങാത്തത് എന്നും ഡീസൽ വാഹനം വാങ്ങുന്നതിന് അനുമതി തേടി ശുചിത്വമിഷനെ സമീപിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് വ്യക്തമാക്കുന്നു.
വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് ഗ്രാമസഭകൾ വഴിയും, വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാതിരുന്നവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകി അവരുടെ തുടർന്നുള്ള സഹകരണം ഉറപ്പു വരുത്തിയിരിക്കുന്നു.
വീടുകളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരം തിരിച്ച് അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം ആദ്യം മിനി എം.സി.എഫ് –ലും തുടർന്ന് എം.സി.എഫ് – ലും എത്തിച്ച് തരം തിരിച്ച് സംഭരിക്കുകയും സി.കെ.സിക്ക് (ക്ലീൻ കേരള കമ്പനി) കൈമാറുകയും ചെയ്ത് വരുന്നു.

**<u>ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>**

സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് നടത്തുന്ന മാലിന്യശേഖരണ സംസ്ക്കരണ പ്രക്രിയകൾ ജനങ്ങളിലെത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും, കുടുംബശ്രീ മുഖേനയും വിവിധ ഘട്ടങ്ങളിലായി 65 ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് സർവ്വേ പൂർത്തിയാക്കി. 2024 ജൂൺ മുതൽ ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം നൂറ് ശതമാനമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ബയോബിന്നുകൾ വിതരണം ചെയ്തുകൊണ്ട് ഉറവിടത്തിൽ തന്നെ ജൈവമാലിന്യസംസ്കരണം സാധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2022-23 ൽ 4.5 ലക്ഷം രൂപ മുടക്കി ബയോബിൻ വിതരണം

നടത്തിയിട്ടുണ്ട്. 2024-25 ൽ നാല് ലക്ഷം രൂപ അടങ്കലിൽ ബൊക്കാഷി ബക്കറ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്യാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

**ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം**

26 ഹരിതകർമ്മസേനാംഗങ്ങളുടെ സേവനമാണ് പ്രയോജനപ്പെടുത്തി വരുന്നത്. ഇവർക്ക് ശരാശരി 7000/- രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. നിലവിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**മാലിന്യം നീക്കം ചെയ്യൽ**

എല്ലാ വാർഡിലും രണ്ട് വീതം മിനി എം.സി.എഫ്-കൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നീക്കത്തിനായി 2023-24 ൽ പഞ്ചായത്ത് 13 ട്രോളികൾ വാങ്ങി ഫലപ്രദമായി ഉപയോഗിച്ച് വരുന്നു. വാടകയ്ക്കെടുത്ത വാഹനത്തിലാണ് മാലിന്യം എം.സി.എഫ് - ലേക്ക് മാറ്റുന്നത്. തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് (CKC) നൽകുന്നു. ക്ലീൻ കേരള സമയബന്ധിതമായി ലഗസി അടക്കമുള്ള മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്.

**മാലിന്യ സംസ്കരണം**

മാലിന്യ ശേഖരണ സൗകര്യം മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്തിനുള്ളത്. സംസ്ക്കരണം നടക്കുന്നില്ല. ഷ്രെഡിംഗ്, ബെയ്‌ലിംഗ് യൂണിറ്റുകളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ല. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ രണ്ട് വീതം മിനി എം.സി.എഫ് – കൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫ് – കളിലേക്ക് ട്രോളികളിൽ മാലിന്യം എത്തിക്കുകയാണ് ചെയ്യുന്നത്. എം.സി.എഫ് മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തൻവർഷം 5.886 ടൺ മാലിന്യം സി.കെ.സിയ്ക്ക് കൈമാറി. ഈ ഇനത്തിൽ 56,341/- രൂപ ലഭിച്ചിട്ടുമുണ്ട്. തൻവർഷം ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത ലഗസി വേസ്റ്റിന്റെ ചാർജ്ജ് കമ്പനിക്ക് നൽകാനായി 2024-25 ൽ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

**നിയമലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ**

നിരോധിച്ച പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയൽ, കത്തിക്കൽ മുതലായ ലംഘനങ്ങളിൽ നടപടി സ്വീകരിച്ചതിലൂടെ 97,250/- രൂപ പിഴ ഈടാക്കപ്പെട്ടു. ഇരുപത്തിയൊന്ന് പേർക്ക് നിയമ ലംഘനത്തിന് നോട്ടീസും നൽകി. എന്നിരുന്നാലും പ്ലാസ്റ്റിക് നിരോധന നടപടികൾ പൂർണ്ണാർത്ഥത്തിൽ നടപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വഴിയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വഴിയോരങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**പരിശീലനം**

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം എല്ലാ ഹരിതകർമ്മസേനാംഗ ങ്ങൾക്കും ക്ലീൻ കേരള കമ്പനി മുഖാന്തരം നൽകിയിട്ടുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ്, ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ വഴിയും നിരവധി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കുടുംബശ്രീ, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ സംരംഭക വികസന പരിശീലനവും നൽകി. ഹരിതമിത്രം ആപ്പിന്റെ ഉപയോഗം 100 ശതമാനത്തിലെത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞു.

**റിവ്യൂ മീറ്റിംഗ്**

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്തുതല റിവ്യു മീറ്റിംഗ് നടത്താറുണ്ട്. യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സി.ഡി.എസ് ചെയർപേഴ്സൺ, സെക്രട്ടറി,

അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കാറുണ്ട്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

തരം തിരിച്ച മാലിന്യം ശേഖരിക്കുന്നതിനുള്ള സ്ഥലം എം.സി.എഫ് – ലുണ്ടെങ്കിലും (1500 ച.അടി) തരം തിരിക്കലിന് നിലവിലുള്ള സ്ഥലം മഴക്കാലത്തെങ്കിലും അപര്യാപ്തമാണ്. തരംതിരിക്കൽ, സംഭരിക്കൽ എന്നിവ സാദ്ധ്യമാക്കുന്നതിനായി എം.സി.എഫ് – ന്റെ വലുപ്പം വർദ്ധിപ്പിക്കുന്നതിന് 6.8 ലക്ഷം അടങ്കലിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

എം.സി.എഫ് – നോട് ചേർന്ന് ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. ഇത് മാലിന്യ സംഭരണം, കൈയ്യൊഴിയൽ എന്നിവയിൽ സ്ഥലപരിമിതിക്കും കാലതാമസത്തിനും ഇടയാക്കുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

എ) മാലിന്യശേഖരണം, സംഭരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവ കാര്യക്ഷമമാക്കാൻ എം.സി.എഫ് – ന്റെ സ്ഥല സൌകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഇതിനായി ഏറ്റെടുത്ത പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

ബി)എം.സി.എഫ്-ൽ ഷ്രഡിംഗ്, ബെലിംഗ് യൂണിറ്റുകൾ സജ്ജീകരിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകി പ്രവർത്തനക്ഷമമാക്കുന്നത് ഗുണകരമാകും.

സി) ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട, മാലിന്യ, പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഡി) ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്. കശാപ്പുശാലകൾ, മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ എന്നിവ കൃത്യമായി ലൈസൻസ് എടുക്കുന്നുണ്ടെന്നും അവ ഉറവിടത്തിൽ തന്നെ ജൈവമാലിന്യം, മലിനജലം എന്നിവ സംസ്കരിക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്.

ഇ) സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

എഫ്) പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹി പ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കേണ്ടതും സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്. സി.സി.ടി.വി ക്യാമറ ഡേറ്റ കൃത്യമായ ഇടവേളകളിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജി)അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതും പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും പഞ്ചായത്ത് പരിധിക്കുള്ളിൽ നിരോധിച്ച് ബൈലോ പാസ്സാക്കേണ്ടതാണ്.

പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യ സംസ്കരണ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം നിസ്തുലമാണ്. ഹരിത സഹായസ്ഥാപനത്തിന്റെ സേവനമില്ലാതെ തന്നെ എല്ലാ വാസഹൃഹങ്ങളേയും കച്ചവടസ്ഥാപനങ്ങളേയും ഹരിത കർമ്മസേനയുടെ പ്രവർത്തന വൃത്തത്തിനുള്ളിൽ എത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞു എന്നതും

ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പൂർണ്ണമാക്കാനായി എന്നതും പ്രശംസനീയമാണ്. പ്ലാസ്റ്റിക് ഇതര അജൈവ മാലിന്യം കൂടി സമയബന്ധിതമായി ശേഖരിക്കുക വഴി മാതൃകാ പ്രവർത്തനം കാഴ്ചവയ്ക്കാനും പഞ്ചായത്തിനായിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങളും വാസഗൃഹങ്ങളും താരതമ്യേന കുറഞ്ഞ ഈ പഞ്ചായത്തിൽ കുറവല്ലാത്ത വേതനം ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉറപ്പാക്കാനുമാകുന്നു. മാലിന്യനീക്കത്തിനായി സ്വന്തമായി വാഹനം ഏർപ്പെടുത്തിയും എം.സി.എഫിന്റെ സ്ഥലസൌകര്യം വർദ്ധിപ്പിച്ചും പ്ലാസ്റ്റിക് ബൈലിംഗ് സംവിധാനം ഏർപ്പെടുത്തിയും ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി- തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതുമൂലം 3130 രൂപ നഷ്ടം

വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തുനികുതി നിരക്ക് നിർണ്ണയിച്ചതിൽ ഉണ്ടായ പിശക് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതി, സേവന ഉപനികുതി എന്നീ നികുതിയിനങ്ങളിൽ 3130 രൂപ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (അ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, ആല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08-08-2023 ലെ 1 (1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 300 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും ഉടമസ്ഥൻ സ്വന്തം താമസ ആവശ്യത്തിനൊപ്പം വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകാവുന്ന ഹോം സ്റ്റെ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 12 രൂപയാണ് എന്നാൽ 5/32 A എന്ന നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതും ശ്രീ. അജി ജോൺ തോമസ് കല്ലുമാടിയിൽ പെണ്ണുക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിന് ആകെ വിസ്തൃതി 392.41 ച. മീറ്റർ ഉണ്ടെങ്കിലും 300 ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയുള്ള ഹോംസ്റ്റെ കൂടി ഉൾപ്പെടുന്ന പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 7 രൂപ മാത്രമാണ് ചുമത്തിയത്. വസ്തു നികുതി ചുമത്തലിലുണ്ടായ നഷ്ടം ചുവടെ ചേർക്കും പ്രകാരമാണ്.

| കെട്ടിടത്തിന്റ വിസ്തൃതി | ചുമത്തിയ വസ്തുനികുതി (@7/ച.മീ), സേവന ഉപനികുതി-(@ വസ്തുനികുതിയുടെ 10%), (ലൈബ്രറി സെസ് -@ വസ്തുനികുതിയുടെ 5%) | ചുമത്തേണ്ട വസ്തുനികുതി@12/ച.മീ) സേവന ഉപനികുതി- @വസ്തുനികുതിയുടെ 10%, ലൈബ്രറി സെസ് -@ വസ്തുനികുതിയുടെ 5% | കുറവ് |
|---|---|---|---|
| താഴത്തെ നില-80.75 | അടിസ്ഥാനവസ്തുനികുതി- 2746.87 | അടിസ്ഥാനവസ്തുനികുതി- 4708.92 | വസ്തുനികുതി-2845 സേവന |

| | | | |
|---|---|---|---|
| ഒന്നാം നില-311.66 | റോഡ് വിസ്തൃതി-549.374<br>മേൽത്തരം തറനിർമ്മിതി-412.030<br>കേന്ദ്രീകൃത ശീതീകരണസംവിധാനം -274.687<br>ആകെ -3982.961<br>വസ്തുനികുതി-3983<br>സേവന ഉപനികുതി -399<br>ലൈബ്രറി സെസ്-200 | റോഡ് വിസ്തൃതി-941.784<br>മേൽത്തരം തറനിർമ്മിതി-706.338<br>കേന്ദ്രീകൃത ശീതീകരണസംവിധാനം -470.892<br>ആകെ -6827.934<br>വസ്തുനികുതി-6828<br>സേവന ഉപനികുതി -683<br>ലൈബ്രറി സെസ്-342 | ഉപനികുതി-285<br>ലൈബ്രറി സെസ്-142 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 6/23.10.24) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി, സേവന ഉപനികുതി, ലൈബ്രറി സെസ് എന്നിവ പുനനിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജ. നം.139/24, വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം (സ്പിൽ ഓവർ)

നിർവഹണം - കൃഷി ഓഫീസർ

അടങ്കൽ-50000/- (40000രൂപ-വികസന ഫണ്ട് (ജനറൽ), 10000 രൂപ- ഗുണഭോക്തൃ വിഹിതം)

ചെലവ് :- 50000/-(വികസന ഫണ്ട് ജനറൽ)

BRN.23070252010300541527/12.9.2023

വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിമുല്ല തൈ വിതരണം എന്ന പ്രോജക്ടിൽ 2000 കുറ്റിമുല്ല തൈകൾ 25/- രൂപ നിരക്കിൽ KAICO യിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി 10000/- രൂപയും വികസന ഫണ്ടിൽ നിന്നും 40000/- രൂപയുമുൾപ്പെടെ ആകെ 50000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. മുൻ വർഷം (2022-23) ഗുണഭോക്തൃ വിഹിതമായ 10000/- രൂപ ചെലവഴിച്ചു. സ്പിൽ ഓവർ ആയതിനാൽ വികസന ഫണ്ടിൽ നിന്നുള്ള 40000/- രൂപ തൻവർഷവും ചെലവഴിക്കുകയുണ്ടായി.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/22/LSGD/തീയതി 28.5.2022 6.1 ക്രമ നം. 5 പ്രകാരം ഫല പുഷ്പ ഔഷധ സസ്യകൃഷിയ്ക്കുള്ള വിത്തുകളും തൈകളും ജനറൽ വിഭാഗം കർഷക ഗ്രൂപ്പുകൾക്ക് 75% സബ്സിഡി നിരക്കിലേ നൽകാവൂ. എന്നാൽ മേൽ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 80% തുക (അതായത് 40000/-) വകയിരുത്തി ചെലവഴിക്കുകയുമുണ്ടായി. സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 2500/- രൂപ അധികമായി വികസന ഫണ്ടിൽ വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/25.10.2024) മറുപടി

ഹാജരാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 2500/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 200000 | 00 |
| | | 840000 | ലൈഫ് ഭവന നിർമ്മാണം എസ്.സി | 840000 | 00 |
| | | 73620 | പാലിന് സബ്സിഡി | 73620 | 00 |
| | | 218900 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 218900 | 00 |
| | | 140742 | നെൽകൃഷി വികസനം | 140742 | 00 |
| ആകെ | | 1473262 | | 1473262 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 51000 | പാലിന് ഇൻസെന്റീവ് | 51000 | 00 |
| | | 138500 | അങ്കണവാടി അനുപൂരക പോഷകാഹാരം | 138500 | 00 |
| | | 66335 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 66335 | 00 |
| ആകെ | | 255835 | | 255835 | |

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പരും പേരും | നിക്ഷേപിച്ച തുക (രൂപ), | ചെലവ് (രൂപ) | ബാക്കി (രൂപ) | ബിൽ/ വൌച്ചർ വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S0157/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 4,97,388 (സി.എഫ്.സി ഗ്രാന്റ്) | 0 | 4,97,388 (സി.എഫ്.സി ഗ്രാന്റ്) | XVFC/23-24/ P/27 ; 04.10.23- 194388 രൂപ. XVFC/23-24/ P/25 ;07.09.23 -303000 രൂപ) |
| കെ.എസ്.ഇ.ബി | S0158/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ രണ്ടാം ഘട്ടം | 2.5 ലക്ഷം (സി.എഫ്.സി ഗ്രാന്റ്) | 0 | 250000 | XVFC/23-24 /p/28; 04.10.23 |
| കെ.എസ്.ഇ.ബി | എസ്.ഒ. 159/24, ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ രണ്ടാം ഘട്ടം | 69,320 (സി.എഫ്.സി ഗ്രാന്റ്) | 0 | 10120 | 326/27.3.2024 |
| കെ.എസ്.ഇ.ബി | എസ്.ഒ. 162/24, ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 60,000 (സി.എഫ്.സി ഗ്രാന്റ്) | 0 | 59500 | 25/03.06.2024 |
| കെ.എസ്.ഇ.ബി | എസ്. 193/24, പത്താം വാർഡിലെ ആറാം നമ്പർ അങ്കണവാടിക്ക് വൈദ്യുതി കണക്ഷന് പോസ്റ്റിടൽ | 10,590 (കേന്ദ്രാവിഷ്കൃത ഫണ്ട്) | 0 | 10590 | 1250/24; 23.3.24 |
| | ആകെ | | | 8,27,598 | |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ

അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | 2023-24 വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | - | 2626768 | 00 | 1432334 | | 1194434 |

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 4.1.5 | 2014-15 | 4.1.5 | പേപ്പർ കപ്പ്, പ്ലേറ്റ് നിർമ്മാണ ഉപകരണങ്ങൾ വാങ്ങൽ, പേപ്പർ ബാഗ് തുണിബാഗ് യൂണിറ്റ് ഉപകരണങ്ങൾ വാങ്ങൽ, കാറ്ററിംഗ് പരിശീലന പദ്ധതി എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് പരാതി | ബഹു. കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്നു. |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ) | 2,48,42,928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രൂപ) | 2,67,82,025 |
| വരവിനങ്ങളിലുള്ള നഷ്ടം (രൂപ) | 3130 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ) | 2500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ) | 9,75,775 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-10) | 3130 | 00 | ശ്രീ. അനിൽ കുമാർ എ. പി. സെക്രട്ടറി |
| 3-1 (1-29) | 00 | 2500 | ശ്രീലക്ഷ്മി.വി, കൃഷി ഓഫീസർ |
| ആകെ | 3130 | 2500 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1,48,177 | ഡോ. ശ്രീകാന്ത് , മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1- 25 | 4,97,388 | ശ്രീ. അനിൽ കുമാർ എ. പി. , സെക്രട്ടറി |
| | 2,50,000 | ശ്രീ. അനിൽ കുമാർ എ. പി. , സെക്രട്ടറി |
| | 10,120 | ശ്രീ. ഉണ്ണികൃഷ്ണപിള്ള പി.ജി. , സെക്രട്ടറി |
| | 59,500 | ശ്രീമതി. ശ്രീല ആർ. , സെക്രട്ടറി |
| | 10,590 | ശ്രീ. ഉണ്ണികൃഷ്ണപിള്ള പി.ജി. , സെക്രട്ടറി |
| ആകെ | 9,75,775 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-10 (2-1) | 142 | ലൈബ്രറി സെസ് | ശ്രീ. അനിൽ കുമാർ എ. പി. സെക്രട്ടറി |
| 1 –22 | 2144 | ആദായനികുതി | ശ്രീ. ഉണ്ണികൃഷ്ണപിള്ള |

| | | | |
|---|---|---|---|
| | | | പി.ജി. സെക്രട്ടറി |
| ആകെ | 2286 | | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീല. ആർ സെക്രട്ടറി | സെക്രട്ടറി, മലയാഴപ്പുഴ ഗ്രാമ പഞ്ചായത്ത് | തോണ്ടലിൽ കൊല്ലകടവ് പി.ഒ ചെറിയനാട് |
| അനിൽ കുമാർ.എ്.പി, സെക്രട്ടറി | വിരമിച്ചു | മുരിങ്ങൂർ, കോട്ട, മുളക്കുഴ പി.ഒ |
| ഉണ്ണികൃഷ്ണപിള്ള പി.ജി. സെക്രട്ടറി | സെക്രട്ടറി, ആല ഗ്രാമ പഞ്ചായത്ത് | പനയ്ക്കാട്ട് വീട്, കോയിക്കൽ മുറി, കൊല്ലം. |
| ശ്രീമതി. ശ്രീലക്ഷ്മി വി., കൃഷി ഓഫീസർ | കൃഷി ഓഫീസർ ആല ഗ്രാമ പഞ്ചായത്ത് | വരമ്പത്ത് വീട്, പ്യാരി ജംഗ്ഷൻ തോപ്പുംപടി, എറണാകുളം |
| ഡോ. ശ്രീകാന്ത്, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ, ആല ആയുർവ്വേദ ഡിസ്പൻസറി | വൃന്ദാവനം, അറപ്പുര ലെയിൻ, വട്ടിയൂർക്കാവ്, തിരുവനന്തപുരം |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | എൽ.എഫ്.എ 8/706/98/11.09.1997 |
| 1993-94 | എൽ.എഫ്.എ 184/05/5.8.05/30.09.05 |
| 1994-95 | എൽ.എഫ്.എ 247/05/09.09.2005 |
| 1995-96 | എൽ.എഫ്.എ 248/05//09.09.05/30.09.05 |
| 2000-01 | എൽ.എഫ്.എ 8/1483/07/22.05.2008/04.06.2008 |
| 1996-97 | എൽ.എഫ്.എ 8/157/97/31.12.1999 |
| 1996-97 | എൽ.എഫ്.എ 8/395/01/03.07.2001/03.08.2001 |

| | |
|---|---|
| 1997-98 | എൽ.എഫ്.എ 8/395/( 1 )/01.07.2011 |
| 1998-99 | എൽ.എഫ്.എ 8/334/02/04.09.2002/08.10.2002 |
| 2000-01, 2002-03 | എൽ.എഫ്.എ 8/611/04/12.10.2004(പ്ലാൻ ഫണ്ട്) |
| 2001-02<br>(പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എ 11 /1407/15.04.2008/20.04.2008 |
| 2002-03 | എൽ.എഫ്.എ 11/1485/07/15.04.2008/20.04.2008 |
| 2003-04 | എൽ.എഫ്.എ 11/765/09/08.03.2010 |
| 2004-05 | എൽ.എഫ്.എ 11/766/09/09.04.2010 |
| 2005-06 | എൽ.എഫ്.എ 11/767/09/09.04.2010 |
| 2006-07 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2007-08 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2008-09 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2009-10 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2010-11& 2011-12, 2012-13,<br>2013-14, 2014-15, 2015-16 | കെ.എസ്.എ - എ.എൽ.പി. – പി- 5/1582/2022/ 02.05.2023<br>(അദാലത്ത് റിപ്പോർട്ട്) |
| **2016-17** | കെ.എസ്.എ - എ.എൽ.പി -പി 5-1129/17/02.05.2018 |
| 2017-18 | കെ.എസ്.എ- എ.എൽ.പി-പി 5-1647/18/03.01.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി5-1003/2019/27.09.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി5-792/2021/24.09.2021 |
| 2020-21 | കെ.എസ്.എ.–എ.എൽ.പി-പി5-793/2021/24.09.2021 |
| 2021-22 | കെ.എസ്.എ.-എ.എൽ.പി-പി5-1124/2022/30.09.2022 |
| 2022-23 | കെ.എസ്.എ.-എ.എൽ.പി-പി5/1153/2023 ; 07.11.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 29-05-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ala Grama Panchayat as on 31-03-2024

**Date: 19/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Ala Grama Panchayat for the Year 2023-2024.

### 1.Major Observations

I] The liability amount in the schedule B-4 of the balance sheet
does not match with the asset bank accounts in schedule B-17 of the balance sheet.
II] There is a mismatch between the amount of grants in reserve and their bank account amount.

### 2.Other Observations

I ] The Gram Panchayat does not have its own vehicle, but depreciation has been wrongly included on the value of the vehicle.

II] There is an unadjusted advance amount in respect of the revolving fund in connection with Kudumbasree.
III] An accrual entry relating to license fees is not included at the beginning of Financial year.
IV] Expenditure recorded in AFS not tally with the expenditure shown in e-gram portal

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്